ജൂലായ് 2020

# പ്രതിമാസ വാർത്താക്കുറിപ്പ്

## കുറ്റ്യാട്ടൂർ ഈസ്റ്റ് എൽ പി സ്കൂൾ

സ്കൂൾ പി ടി എ

# പ്രധാനാദ്ധ്യാപികയുടെ സന്ദേശം



പ്രിയമുള്ളവരേ,

കുറ്റ്യാട്ടൂർ ഈസ്റ്റ് എ എൽ പി സ്കൂൾ പുതിയ മാനേജ്മന്റ് ന്റെ കീഴിൽ നവീകരിച്ചു ഒരു ഹൈടെക് വിദ്യാലമായി മാറ്റാനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിരിക്കുകയാണ്. മാനേജ്മന്റ് കൈമാറ്റം സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന്റെ എല്ലാ അംഗീകാരവും പുതിയ മാനേജ്മന്റ് നു ലഭിച്ച വിവരവും സന്തോഷത്തോടെ പങ്കു വെക്കുന്നു.

കെ ജി ക്ലാസ് നായി ഒരു ക്ലാസ് റൂമിന്റെയും നവീകരിച്ച കിച്ചന്റെയും പ്രവർത്തനങ്ങൾ വളരെ വേഗത്തിൽ പുരോഗമിക്കുകയാണ്. പുതിയ കെ ജി ക്ലാസ് എല്ലാ വിധ സൗകര്യങ്ങളും ഒരുക്കുന്നത്തിനുള്ള പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നുണ്ട് എന്നും അറിയിക്കട്ടെ. ഇതോടൊപ്പം തന്നെ സ്കൂളിന് സ്വന്തമായി ഒരു വെബ്സൈറ്റ് ന്റെയും പ്രതിമാസ വാർത്താകുറിപ്പിന്റെയും പ്രവർത്തനങ്ങൾ തുടങ്ങിയിരിക്കുകയാണ് എന്നറിഞ്ഞതിൽ അതിയായ സന്തോഷവും അഭിമാനവും തോന്നുന്നു. രക്ഷിതാക്കളുടെ ഭാഗത്തുന്നു ഇതിലേക്കായി കിട്ടി കൊണ്ടിരിക്കുന്ന സഹകരണത്തിന് അകമഴിഞ്ഞ നന്ദി അറിയിക്കുന്നു.

കുട്ടികൾക്കുള്ള കളിസ്ഥലം , പാർക്ക്, സ്കൂൾ തുറന്നാൽ മെച്ചപ്പെട്ട യാത്രാസൗകര്യം, മികച്ച ലൈബ്രറി, കമ്പ്യൂട്ടർ ക്ലാസ് എന്നിവ അടക്കം ഒട്ടനവധി വികസന പ്രവർത്തനങ്ങൾ വരും മാസങ്ങളിലേക്കായി തയ്യാറാക്കി വരുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷം ഉണ്ട്

കോവിഡ് എന്ന മാരകരോഗത്തിന്റെ ഭീതിയിലാണ് നാം ഏവരും. വിദ്യാലയങ്ങൾ അടഞ്ഞു കിടക്കുന്ന ഈ അവസരത്തിൽ കുട്ടികൾക്ക് ഓൺലൈൻ വിദ്യാഭ്യാസ പരിപാടി നടക്കുകയാണല്ലോ. നമ്മുടെ സ്കൂളിലെ എല്ലാ കുട്ടികൾക്കും അത് കാണുവാനും തുടർ പ്രവർത്തനങ്ങൾ ചെയ്യുവാനും സാധിക്കുന്നതിൽ ഏറെ സന്തുഷ്ടയാണ്. കൂടാതെ നമ്മുടെ കുട്ടികൾക്കായി വിവിധ ഓൺലൈൻ മത്സരങ്ങൾ നടന്നു കഴിഞ്ഞു. വിദഗ്ദരുടെ ക്ലാസ്/പ്രഭാഷണം അടക്കം ഒട്ടനവധി പരിപാടികളും മത്സര ഇനങ്ങളും വരും ദിവസങ്ങളിൽ സംഘടിപ്പിക്കുന്നുണ്ട് എല്ലാ മത്സര ഇനത്തിനും ക്യാഷ് പ്രൈസ് അടക്കം ആകർഷകമായ സമ്മാനങ്ങളും നൽകുവാൻ നമ്മൾ തീരുമാനിച്ചിട്ടുണ്ട്. ഇതുവഴി നമ്മുടെ കുട്ടികളുടെ അക്കാദമിക് നിലവാരം വർധിപ്പിക്കാനും മത്സരബുദ്ധിയോടെ പഠിക്കാനുള്ള താല്പര്യവും വർധിക്കുക തന്നെ ചെയ്യും. പഠനകാര്യത്തിൽ രക്ഷിതാക്കളും വളരെയധികം ശ്രദ്ധിക്കുന്നുണ്ടെന്ന കാര്യം മനസിലാക്കുന്നു. അത് പോലെ സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനും അക്കാദമിക് കാര്യങ്ങളിൽ അതീവ ശ്രദ്ധ പുലർത്താനും ശ്രദ്ധിക്കുന്ന നല്ലൊരു മാനേജ്മന്റ് നമുക്കുണ്ട് എന്നത്തിൽ ചാരിതാർഥ്യമുണ്ടു.

പി ടി എ ഭാരവാഹികൾ സ്കൂളിന്റെ വികസന കാര്യത്തിൽ വളരെ അധികം ശ്രദ്ധിക്കുന്നുണ്ട്. നമുക്ക് ഒരു പാട് കാര്യങ്ങൾ ചെയ്തു തീർക്കാൻ ഉണ്ട്. തീർച്ചയായും എല്ലാവരുടെയും പ്രാർഥനപോലെ കുറ്റ്യാട്ടൂർ ഈസ്റ്റ് എൽ പി സ്കൂൾ ഭാവിയിൽ ഉയരങ്ങളിൽ എത്താൻ എല്ലാവരുടെയും ഈ കൂട്ടായ ശ്രമത്തിലൂടെ സാധിക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവും ഇല്ല. കുട്ടികൾ നിറഞ്ഞ അവരെ ഏറ്റവും മികച്ച പൗരന്മാരായി വാർത്തെടുക്കുന്ന ഒരു വിദ്യാലമായി തുടർന്നും മുന്നോട്ടു പോകട്ടെ എന്ന് പ്രാർഥിക്കുന്നു. ഒപ്പം സ്കൂളിന്റെ സ്വന്തമായ വെബ്സൈറ്റ്/ പ്രതിമാസ വാർത്ത കുറിപ്പ് എന്നീ സംരംഭങ്ങൾക്ക് എല്ലാ വിധ ആശംസകളും നേരുന്നു.

എന്ന് വിശ്വസ്തതയോടെ

ഷൈലജ ടീച്ചർ.

# നമ്മുടെ കുട്ടികൾ - ആകാശമാണ് അതിർത്തി

## കുട്ടികളുടെ നേട്ടങ്ങൾ

ഓൺലൈൻ മത്സരത്തിൽ വിജയിച്ചവർ (ഒന്നാം സമ്മാനം 500 രൂപ രണ്ടാം സമ്മാനം 250 രൂപ, കൂടാതെ പങ്കെടുത്തവർ-ക്കെല്ലാം പ്രോത്സാഹന സമ്മാനം- സമ്മാനദാനം സ്കൂൾ തുറന്ന ശേഷം) അധ്യാപക പാനൽ ജഡ്ജ്മെന്റിലൂടെ തെരഞ്ഞെടുത്ത ഓൺലൈൻ മത്സര ഫലങ്ങൾ . **വിജയികൾക്ക് അഭിനന്ദനങ്ങൾ !!!!**

### പ്രീ- പ്രൈമറി

**ചിത്രരചന**

1st - ആഷ് മിക പ്രദീപൻ
IInd- ഫാത്തിമത്ത് റിസ

### ക്ലാസ് 1 & 2

**ചിത്രരചന**

Ist- ശിവദേവ് സജീവൻ
IInd- മുഹമ്മദ് സ്വാലിഹ്

**ആക്ഷൻ സോംഗ്**

I st - മുഹമ്മദ് സയാൻ
IInd- ആഗ്രഹ

### ക്ലാസ് 3 & 4

**ചിത്രരചന**

Ist- അനുഗ്രഹ് പദ്മനാഭൻ
IInd- ഫാത്തിമത്ത് അഫ്ല

**പ്രസംഗം**

Ist- ഫാത്തിമത്ത് റന
IInd- നമ്രത ഷാജി

**ക്വിസ്**

Ist- ഫാത്തിമത്ത് റന & അഥീന അശോകൻ
IInd- ശിവനന്ദ സജീവൻ

✓ **വായനാദിനത്തോട് അനുബന്ധിച്ചു നടത്തിയ വിവിധ മത്സരവിജയികളെ ഉടനെ  പ്രഖ്യാപിക്കുന്നതായിരിക്കും.**

# ജൂലായ്-2020

## കുട്ടികളുടെ കലണ്ടർ - കുറ്റ്യാട്ടൂർ ഈസ്റ്റ് എ എൽ പി സ്കൂൾ

- **ജൂലൈ 5** - ബഷീർ പുസ്തകപരിചയം - മൂന്ന് നാല് ക്ലാസ് ലെ കുട്ടികൾ ക്കു - രണ്ടു പേർക്ക് ബഷീറിന്റെ പുസ്തകം സമ്മാനം.
- **ജൂലൈ 21** - ചാന്ദ്രദിനം - ഓൺലൈൻ ക്വിസ് മത്സരം- ആകർഷകമായ സമ്മാനങ്ങൾ
- **ജൂലൈ 27** - ഡോക്ടർ എ പി ജെ അബ്ദുൽ കലാം ചരമദിനം- എപിജെ അബ്ദുൽ കലാം അനുസ്മരണ പ്രഭാഷണം അദ്ധ്യാപകനും പ്രശസ്ത വാഗ്മിയുമായ ശ്രീ കാനപ്രം ഈശ്വരൻ നമ്പൂതിരി മാഷ് കുറ്റ്യാട്ടൂർ ഈസ്റ്റ് എൽ പി സ്കൂളിലെ കുട്ടികൾക്ക് വേണ്ടി വീഡിയോ പ്രഭാഷണം നടത്തുന്നു.



## JULY 2020

| Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 5<br>ബഷീർ ചരമ ദിനം | 6 | 7 | 8 | 9 | 10 | 11<br>ജനസംഖ്യ ദിനം |
| 12<br>മലാല ദിനം | 13 | 14 | 15 | 16<br>ദേശീയ സ്കൂൾ സുരക്ഷാ ദിനം | 17 | 18 |
| 19 | 20 | 21<br>ചാന്ദ്രദിനം | 22 | 23 | 24 | 25 |
| 26 | 27<br>ഡോക്ടർ എ പി ജെ അബ്ദുൽ കലാം ചരമദിനം | 28<br>ലോക പ്രകൃതി സംരക്ഷണ ദിനം | 29 | 30 | 31 | |

# ഈ മാസത്തിലെ വ്യക്തിവിശേഷങ്ങൾ

## നാൾവഴികളിലൂടെ ......



### അമൃത ടീച്ചർ

ചെറുപ്പത്തിലേ അദ്ധ്യാപികയാകണമെന്ന മോഹത്തെ സാക്ഷാത്കരിച്ചുകൊണ്ടാണ് ഞാൻ കുറ്റ്യാട്ടൂർ ഈസ്റ്റ് എൽ പി സ്കൂളിൽ 2005 ജൂൺ ഒന്നിന് ജോലിയിൽ പ്രവേശിക്കുന്നത് . ഞാൻ ഒരു അദ്ധ്യപിക ആയി കാണാൻ എന്റെ അച്ഛന് ആയിരുന്നു കൂടുതൽ ആഗ്രഹം. ഒരു ജോലി എന്നതിലപ്പുറം ചെയ്യുന്ന തൊഴിൽ ആത്മ സംതൃപ്തിയോടെ ചെയ്യാൻ സാധിക്കും എന്ന ഉറച്ച വിശ്വാസത്തിന്റെ സാഫല്യം കൂടി ആയിരുന്നു ആ ദിവസം. കുട്ടിക്കാലത്തു പ്രൈമറി ൽ എന്നെ പഠിപ്പിച്ച അദ്ധ്യാപകർ നൽകിയ നല്ല മാതൃക ആണ് എന്നെ ഇവിടെ എത്തിച്ചത്.

നിർജീവമായ ഫയലുകൾക്കു പകരം ഓരോ പുലരിയിലും ചിരിക്കുന്ന മുഖങ്ങളെ നമുക്ക് എന്നും കാണാമല്ലോ .... അവരോടു സംസാരിക്കുമ്പോഴും, ഇടപഴകുമ്പോഴും നമ്മുടെ ഊർജവും പതിന്മടങ്ങാകുന്നു....അന്ന് മുതൽ തന്നെ സ്കൂളിന്റെ പ്രവർത്തനങ്ങളിൽ എല്ലാം തന്നെ നന്നായി ഇടപെടാൻ ശ്രമിച്ചിട്ടുമുണ്ട്. സഹപ്രവർത്തകർ നൽകിയ മാർഗനിർദേശങ്ങളും ഊർജ്ജവും എനിക്ക് എന്നും കരുത്തേകിയിട്ടുണ്ട്...എന്റെ മുന്നിൽ എത്തുന്ന കുരുന്നുകളെ മൂല്യബോധമുള്ള നല്ല മനുഷ്യരാക്കി മാറ്റാൻ പരമാവധി ശ്രമിക്കാറുമുണ്ട്. കുട്ടികൾ അടുത്ത് വന്നു , ടീച്ചറേ... എന്ന് വിളിച്ചു അന്ന് പറഞ്ഞു കൊടുത്ത നല്ല കാര്യങ്ങൾ എന്നെ ഓർമിപ്പിക്കുമ്പോൾ എനിക്ക് കിട്ടുന്നത് നിർവൃതിയുടെ ഒരു അപൂർവ്വാനുഭവം ആണ്...ഒപ്പം ഞാൻ നൽകിയ മൂല്യബോധത്തിലൂന്നിയ പാഠങ്ങൾ അവരിൽ എത്തി എന്നതിന്റെ ആശ്വാസവും....

**കുട്ടികളോട്....**

- നല്ല ഒരു മനുഷ്യൻ ആവാൻ ശ്രമിക്കുക, ഏതു കാര്യത്തിലും പ്രാപ്തനാവുക
- സത്യം മാത്രം പറയുക
- സൽപ്രവൃത്തികൾ ചെയ്യുക
- തെറ്റുകളെ ചൂണ്ടി കാണിക്കുക

**വിജയത്തിലേക്കുള്ള വഴികൾ**

- പരീക്ഷക്ക് മാത്രമായി പഠിക്കാതിരിക്കുക
- നല്ല വായനക്കാരും നല്ലൊരു ശ്രോതാവും ആവുക
- ചിട്ടയായ പഠനം ശീലമാക്കുക.
- പ്രായോഗിക പഠനത്തിനു അവസരം ഉണ്ടാക്കുക
- കഠിനാധ്വാനം ചെയ്യുക
- ലക്ഷ്യത്തെ മുൻനിർത്തി പഠിക്കുക

# വായനശാല

## പുസ്തകപരിചയം- പാത്തുമ്മയുടെ ആട്




**ശിവനന്ദ സജീവ്- 4th Std**

നമസ്കാരം ഞാൻ ശിവാനന്ദ സജീവ് വായനയുടെ കുഞ്ഞു ലോകത്തേക്ക് എല്ലാവര്ക്കും സ്വാഗതം വൈക്കം മുഹെമദ് ബഷീറിന്റെ പാത്തുമ്മയുടെ ആട് എല്ലാവര്ക്കും പരിചിതമാണ് .1959 ൽ ആണ് പാത്തുമ്മയുടെ ആട് ആദ്യമായി പുറത്തിറങ്ങിയത്.എന്നാൽ 1979 ൽ ആണ് ഡി സി ബുക്സ് ന്റെ ആദ്യ എഡിഷൻ പുറത്തിറങ്ങുന്നത് എന്റെ കയ്യിൽ ഉള്ളത് 2019 ൽ ഇറങ്ങിയ നാല്പത്തിയെട്ടാം പതിപ്പാണ് ബഷീറിന്റെ ജീവിതത്തിലെ ഒരു ഏടാണ് പാത്തുമ്മയുടെ ആട് സ്വന്തം ജീവിത കഥ ആണ് ബഷീർ ഇതിൽ പരാമർശിക്കുന്നത്.1954 ഏപ്രിൽ ഇരുപത്തിയേഴാം തിയതി എഴുതി തീർത്തതാണ് ഇതെന്ന് ബഷീർ തന്നെ മുഖവുരയിൽ പറയുന്നു.


പെണ്ണുങ്ങളുടെ ബുദ്ധി എന്നാണ് ഈ നോവലിനു ആദ്യം നൽകിയ പേര്. എന്നാൽ എന്തൊക്കെയോ കാരണങ്ങളാൽ അത് മാറ്റി പാത്തുമ്മയുടെ ആട് എന്നാക്കി മാറ്റി. അനേകകാലത്തെ അലഞ്ഞു തിരിഞ്ഞുള്ള വാസത്തിനു ശേഷം സ്വന്തം വീട്ടിലെത്തിയ അദ്ദേഹം അദ്ദേഹത്തിന് കിട്ടിയ സ്വീകരണം ഇതെല്ലാമാണ് അദ്ദേഹം നമ്മോടു പങ്കു വെക്കുന്നത്. സത്യത്തിൽ അന്ന് അദ്ദേഹം സ്വന്തം വീട്ടിൽ ഇരുന്നല്ല ഇത് എഴുതിയത് അതിനായി വീടിനു എതിർവശത്തുള്ള ഓടിട്ട ഒരു ചെറിയ കെട്ടിടം ഉണ്ട് . ഈ വീട് ശാന്തിയും സമാധാനവും നൽകുന്നതാണെന്നും അദ്ദേഹം പറയുന്നു. ഭക്ഷണം അദ്ദേഹത്തിന്റെ ഉമ്മ ഗേറ്റ് നു മുകളിലൂടെ അദ്ദേഹത്തിന് കൊടുക്കുമായിരുന്നു.

യാത്രക്കൊടുവിൽ തിരിച്ചെത്തിയപ്പോൾ ഈ വീട് അദ്ദേഹത്തിന്റെ അനുജൻ ആർക്കോ വാടകക്ക് കൊടുത്തിരിക്കുന്നു.അതുകൊണ്ടു ഒരു പാട് അംഗങ്ങൾ ഉള്ള അദ്ദേഹത്തിന്റെ വീട്ടിൽ താമസിക്കാൻ അദ്ദേഹം നിർബന്ധിതനായി.അദ്ദേഹത്തിന്റെ കുടുംബങ്ങളെ കുറിച്ച് ഈ പുസ്തകത്തിൽ പറയുന്നുണ്ട്. അദ്ദേഹത്തിന്റെ വീട്ടിലെ താമസക്കാരനല്ല പാത്തുമ്മയുടെ ആട്. എന്നാൽ അദ്ദേഹത്തിന്റെ വീട്ടിൽ അത് ഓടിച്ചാടി നടക്കുന്നവളാണ് നായികയായ ആ ആട്. അദ്ദേഹത്തിന്റെ സഹോദരിയാണ് പാത്തുമ്മ. അവളുടേതാണ് ഈ ആട്. പെണ്ണ് തന്നെയാണ്.തവിട്ടു നിറം. നല്ല ചുറുചുറുക്കുമുണ്ട്. ഈ കഥ ഇപ്പോഴും ആടിനെ ചുറ്റിപറ്റി തന്നെയാണ് മുന്നോട്ട് പോകുന്നത്. വെള്ളയപ്പം രുചിച്ചു അഭിയുടെ ട്രൗസറിന്റെ മുൻവശം തിന്നു തീർത്ത ആട്, ആടിന്റെ പ്രസവം കൊതി മൂത്തു കലത്തിൽ തലയിട്ട ആട് ആടിന്റെ പാല് കറക്കൽ അങ്ങനെ കഥ മുഴുവൻ ഇപ്പോഴും ആടിനെ പറ്റി തന്നെ ആണ്. എന്നാൽ ആ വീട്ടിൽ താമസക്കാരിയായി മറ്റ് ഒരു ആട് കൂടി ഉണ്ടായിരുന്നു പാത്തുമ്മയുടെ ആടിന്റെ സ്വന്തം മകൾ അവളെ പാത്തുമ്മ തന്റെ അനുജത്തി ആയ ആനുമ്മക്ക് നൽകിയതാണ് പക്ഷെ ഈ കാര്യം വളരെ കഴിഞ്ഞാണ് ബഷീർ തിരിച്ചറിഞ്ഞത്.


എപ്പോഴും സംഭവ ബഹുലമായ ആ വീട്ടിലെ കഥകൾ എത്ര വായിച്ചാലും നമുക്ക് മതിയാവില്ല. കൂട്ടുകാർ നിർബന്ധമായും വായിച്ചിരിക്കേണ്ട ഒരു പുസ്തകം ആണ് പാത്തുമ്മയുടെ ആട്.

# കൊച്ചുകൂട്ടുകാരുടെ (കെ ജി )വിശേഷങ്ങൾ

**അക്ഷരലോകത്തേക്കു പിച്ചവെക്കുന്ന എല്ലാ കൊച്ചു കൂട്ടുകാർക്കും ആശംസകൾ**



കെ ജി ക്ലാസ് ലേക്ക് കുട്ടികൾ ചേർന്ന് കൊണ്ടിരിക്കുന്നു. അവർക്കായി എല്ലാ സൗകര്യങ്ങളോടും കൂടിയ ക്ലാസ് റൂമിന്റെ നിർമാണം പൂർത്തിയായി വരുന്നു. ആധുനിക രീതിയിലുള്ള ഫർണിച്ചർ, കളിപ്പാട്ടങ്ങൾ, പുസ്തകങ്ങൾ ഒക്കെ വരുത്തുവാൻ ഉള്ള നടപടികൾ പുരോഗമിക്കുന്നു. എല്ലാവർക്കും പുസ്തകം സൗജന്യമായി വിതരണം ചെയ്തു. ഓൺലൈൻ ക്ലാസ് മായി സ്മിത ടീച്ചർ മുന്നോട്ടു പോകുന്നുണ്ട്. ബാഗ്, സ്കൂൾ കിറ്റ് വിതരണം ഉടനെ നടത്തുന്നതാണ്.



# ഈ മാസത്തെ ഫോട്ടോ

**അയച്ചു തന്നത്:- ആഗ്രഹ – 3rd Std**



**അടുത്ത മാസത്തെ ഫോട്ടോകൾ/ മറ്റു എൻട്രികൾ  പ്രധാനാദ്ധ്യാപികയുടെ വാട്സാപ്പ് നമ്പർ ലേക്ക് അയക്കുക**